50. നിർമ്മാണം നടന്നുവരുന്ന മുതലപ്പൊഴി, കായംകുളം, പൊന്നാനി, തലായ് എന്നീ ഫിഷിംഗ് ഹാർബറുകൾ സമയബന്ധിതമായി പൂർത്തിയാക്കാനും കൊയിലാണ്ടിയിൽ ഒരു പുതിയ ഫിഷിംഗ് ഹാർബർ സ്ഥാപിക്കുവാനും നടപടി എടുക്കും. ഇതിന്റെ ആദ്യനടപടി എന്ന നിലയിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതാണ്. ഇതിന് നാമമാത്ര തുകയായി 10 ലക്ഷം രൂപ വകയിരുത്തുന്നു.

ജലസേചനം

51. ജലസേചനപദ്ധതികൾക്കായി പദ്ധതി-പദ്ധതിയേതര ഇനങ്ങളിലായി ബഡ്ജറ്റിൽ ഞാൻ 327.08 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പൂർത്തിയാക്കിയ പതിനഞ്ചും നിർമ്മാണത്തിലിരിക്കുന്ന പന്ത്രണ്ടും വൻകിട, ഇടത്തരം ജലസേചനപദ്ധതികൾ സംസ്ഥാനത്തുണ്ട്. 2001-2002-ൽ കല്ലട ജലസേചനപദ്ധതി പൂർത്തിയാകുന്നതാണ്. പഴശ്ശി ജലസേചനപദ്ധതി ഈ ആണ്ടിൽതന്നെ കമ്മീഷൻ ചെയ്യാൻ കഴിയും. കാരാപ്പുഴ പദ്ധതിയും ഈ ആണ്ടിൽതന്നെ കമ്മീഷൻ ചെയ്യുന്നതാണ്. ബാണാസുര സാഗർ പദ്ധതി, ചമ്രവട്ടം ബ്രിഡ്ജ്-കം-റഗുലേറ്റർ പദ്ധതി, അട്ടപ്പാടിവാലി പദ്ധതി എന്നിവ നിർമ്മാണത്തിന്റെ പ്രാരംഭദിശയിലാണ്. തൃത്താല റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ചമ്രവട്ടം പദ്ധതിയുടെ പ്രവർത്തി വേഗത്തിലാക്കുന്നതിനായി 'ചമ്രവട്ടം റഗുലേറ്റർ അതോറിറ്റി ഓഫ് കേരള' എന്നൊരു കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കണക്കൻകടവ് പദ്ധതി പൂർത്തീകരണത്തോടടുക്കുന്നു. ജലസേചന പദ്ധതികളുടെ ശരിയായ രീതിയിലുള്ള അറ്റകുറ്റപ്പണികൾക്കായി 'വാട്ടർ റിസോഴ്സസ് റീവാമ്പിംഗ് ആന്റ് കൺസോളിഡേഷൻ പ്രോഗ്രാം' എന്നൊരു വൻകിട പദ്ധതിയും നടപ്പാക്കി വരുന്നു. ഈ പദ്ധതിക്കായി 10 കോടി രൂപ ഞാൻ നീക്കി വച്ചിട്ടുണ്ട്.

52. കോഴിക്കോട് ജില്ലയിലെ കനോലി കനാൽ മെച്ചപ്പെടുത്തൽ പ്രവർത്തികൾ ധൃതഗതിയിൽ പൂർത്തിയായി വരുന്നു. കൊച്ചിൻ റിഫൈനറിക്ക് വെള്ളം ലഭ്യമാക്കുന്നതിന് സഹായിക്കുന്ന മഞ്ഞുമ്മൽ, പാതാളം എന്നീ റഗുലേറ്ററുകളുടെ നിർമ്മാണത്തിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്കം തടയുന്നതിനായി 9.65 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു. കേരളത്തിലെ 20 നദികളുടെ തീരങ്ങൾ സംരക്ഷിക്കുന്നതിനായി 'ആന്റി റിവർ ഇറോഷൻ പദ്ധതി'യിൻ കീഴിൽ 38.75 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ നാലു വർഷത്തിനിടയിൽ ജലസേചനവകുപ്പ് 24 കിലോമീറ്റർ കടൽഭിത്തി നിർമ്മിക്കുകയും നിലവിലുണ്ടായിരുന്ന 26 കിലോമീറ്റർ ദൈർഘ്യം വരുന്ന കടൽഭിത്തി അറ്റകുറ്റപ്പണികൾ നടത്തി പരിഷ്ക്കരിക്കുകയും ചെയ്തു. കടലാക്രമണ നിരോധനപദ്ധതികൾക്കായി പതിനൊന്നാം ധനകാര്യകമ്മീഷൻ സംസ്ഥാനത്തിന് 50 കോടി രൂപ ശുപാർശ ചെയ്തിട്ടുണ്ട്. ഭൂഗർഭ ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും പദ്ധതിയിനത്തിൽ 8.94 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

IRRIGATION

51. I have earmarked an outlay of Rs. 327. 08 cr. for the Irrigation Sector in my budget under both Plan and Non Plan. There are 15 completed and 12 ongoing major and medium irrigation project in the State. Kallada Irrigation project will be completed in the year 2001-02. Pazhassi irrigation project will be ready for commissioning this year itself. Karapuzha project too can be commissioned during this year. Works of Banasurasagar project and bridge cum regulator at Chamravattom and Attappady Valley Projects are in the initial stages of execution. Work on the Trrithala Bridge cum Regulator is in good progress. The Chamravattom Regulator Authority of Kerala, Ltd. has been registered as a company for the speedy execution of the Chamravattom project. The Kanakkankadavu Project is nearing completion. For the proper maintenance of Irrigation projects a new scheme called "Water Resources Revamping and Consolidation Programme" has been implemented in the major irrigation projects of the State. This year , I have earmarked Rs. 10 cr. for this scheme.

52. Improvement works in Canoli Canal in Kozhikode district is nearing completion. Action for the construction of regulators at Manjummel and Pathalam has been started for providing water to Cochin Refineries . A scheme of Rs. 9.65 cr. for prevention of flood in Thiruvananthapuram city is being implemented. We have submitted a scheme for side protection of 20 rivers of Kerala for Central Assistance under the Anti River Erosion Scheme for an amount of Rs. 38.75 cr. The Irrigation Department has constructed 24 km. of new sea wall and reformed 26 km. of existing sea wall in the last four years. The Eleventh Finance Commission has recommended an amount of Rs. 50 cr. anti sea erosion schemes in the State. For the investigation and development of ground water resources, I have provided Rs. 8.94 cr. under Plan.

CO-OPERATION

53. The success of this Government in enhancing the base of the Co-operative movement in the State over the last five years has been phenomenal. The Self Help Group efforts, the 'Neethi' innovations in sectors of public distribution and service, manufacturing efforts of

LIBRARY ARCHIVES Kerala Legislative Assembly